(എ) സർക്കാർ പ്രഖ്യാപിച്ച കാരുണ്യ ഹൗസിംഗ് സ്കീം അനുസരിച്ച് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് സൗജന്യമായി വീടുകൾ നിർമ്മിച്ച് നൽകുന്നതിന് മാതാ അമൃതാനന്ദമയി ചാരിറ്റബിൾ ട്രസ്റ്റ് മുന്നോട്ട് വന്നിട്ടുണ്ട്. ആദ്യഘട്ടമായി സംസ്ഥാനത്തെ വിവിധ ജില്ലകളിലായി, സർക്കാർ ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് 5000 വീടുകൾ നിർമ്മിച്ച് നൽകുന്നതിന് അവർ സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട്. ആദ്യപടിയായി എറണാകുളം ജില്ലയിൽ 100 വീടുകളുടെ പണി അമൃതകുടീരം സ്കീമിന്റെ ഭാഗമായി നടപ്പിലാക്കുന്നതിലേയ്ക്കായി പള്ളുരുത്തി വില്ലേജിൽ 2 ഏക്കർ ഭൂമി ജില്ലാ കളക്ടർ കണ്ടെത്തിയിട്ടുണ്ട്. ടി ഭൂമി സൗജന്യമായി ഭവന നിർമ്മാണ ബോർഡിന് അനുവദിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. മറ്റു ജില്ലകളിലും അനുയോജ്യമായ ഭൂമി (50 സെന്റ് മുതൽ 5 ഏക്കർ വരെ വിസ്തീർണ്ണമുള്ളവ) കണ്ടെത്തി ബോർഡിന് നൽകണമെന്ന് എല്ലാ ജില്ലാ കളക്ടർമാരോടും ബോർഡ് അഭ്യർത്ഥിച്ചിട്ടുണ്ട്.

(ബി) ഈ പദ്ധതിയനുസരിച്ച് ഗുണഭോക്തൃ കുടുംബങ്ങളെ തെരഞ്ഞെടുത്തിട്ടില്ല.

(സി) അതാത് ജില്ലാ കളക്ടറും, ബന്ധപ്പെട്ട ഏജൻസിയുടേയും ഭവന നിർമ്മാണ ബോർഡിന്റെയും പ്രതിനിധികൾ ഉൾപ്പെട്ട ഒരു ഉന്നതതല കമ്മിറ്റിയായിരിക്കും ഈ ഭവന പദ്ധതി പ്രകാരം നിർമ്മിക്കുന്ന വീടുകളുടെ അലോട്ട്മെന്റിനുള്ള മാനദണ്ഡം നിശ്ചയിക്കുന്നത്. അതനുസരിച്ച് അതാത് ഏജൻസിയുടേയും ഭവന നിർമ്മാണ ബോർഡിന്റെയും പ്രതിനിധികൾ ഉൾക്കൊള്ളുന്ന കമ്മിറ്റിയായിരിക്കും ഗുണഭോക്താവിനെ തെരഞ്ഞെടുക്കുന്നത്.

(ഡി) സർക്കാർ ഭൂമി ലഭ്യമാകുന്നതനുസരിച്ച് സർക്കാർ ഇതര സംഘടനകൾ, സാമുദായിക സംഘടനകൾ, സന്നദ്ധ സംഘടനകൾ എന്നിവ സൗജന്യമായി വീട് നിർമ്മിച്ച് നൽകുവാൻ തയ്യാറാകുന്ന പക്ഷം ഇക്കാര്യം പരിശോധിയ്ക്കാവുന്നതാണ്.

പാഠപുസ്തക അച്ചടിക്ക് സ്ഥിരം സംവിധാനം

*16 [479] ശ്രീ. തോമസ് ഉണ്ണിയാടൻ:

,, സ്റ്റീഫൻ ജോർജ്:

,, ജോസഫ് എം. പുതുശ്ശേരി:

ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്കൂൾ പാഠപുസ്തകങ്ങൾ എത്തിക്കാൻ കാലതാമസം ഉണ്ടാകുന്നതായുള്ള പരാതി പരിഹരിക്കുന്നതിന് ഒരു സമഗ്രപദ്ധതി ആവിഷ്ക്കരിക്കുന്ന കാര്യം പരിഗണിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിനുവേണ്ടി ഒരു സ്ഥിരം സംവിധാനം എന്ന നിലയിൽ ഒരു പ്രത്യേക വിംഗ് ആരംഭിച്ച് ഇതു സംബന്ധിച്ച മുഴുവൻ ഉത്തരവാദിത്വവും ഏൽപ്പിക്കുവാൻ നടപടി കൈക്കൊള്ളുമോ;

(സി) എങ്കിൽ അത്തരമൊരു സംവിധാനത്തിന്റെ സുഗമമായ പ്രവർത്തന പദ്ധതികളെക്കുറിച്ച് വിശദീകരിക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി):

(എ) സ്ക്കൂൾ പാഠപുസ്തകങ്ങൾ എത്തിക്കുന്നതിന് കാലതാമസം ഉണ്ടാകുന്നുയെന്നുള്ള പരാതികൾ പരിഹരിക്കുന്നതിന് നിലവിലുള്ള സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. അനുഭവങ്ങളുടെ വെളിച്ചത്തിൽ നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തുന്നതിനും പാഠപുസ്തക അച്ചടിയുടെ പുരോഗതി വിലയിരുത്തി തത്സമയം നടപടി സ്വീകരിക്കുന്നതിനുമായി സർക്കാർ തലത്തിൽ ഒരു ഉന്നതാധികാര അവലോകന സമിതി പ്രവർത്തിച്ചുവരുന്നുണ്ട്.

(ബി) പാഠപുസ്തക അച്ചടിയുടെ മേൽനോട്ടം വഹിക്കുന്നതിനു വേണ്ടി പാഠപുസ്തക ഓഫീസറുടെ നേതൃത്വത്തിൽ ഒരു സ്ഥിരം സംവിധാനം ഇപ്പോൾത്തന്നെ നിലവിലുണ്ട്. പാഠപുസ്തകങ്ങളുടെ നവീകരണം, പാഠപുസ്തക അച്ചടിയ്ക്കുള്ള പേപ്പർ വാങ്ങൽ എന്നീ ചുമതലകൾ നിയമപരമായ കാരണങ്ങളാൽ പാഠപുസ്തക ഓഫീസറെ ഏൽപ്പിക്കുവാൻ നിർവ്വാഹമില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

റിവർ മാനേജ്മെന്റ് ഫണ്ടിലെ തുക

*17 [480] ശ്രീ. വി. കെ. ചന്ദ്രൻ:

,, കെ. പി. സതീശ്ചന്ദ്രൻ:

,, എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2002-ലെ നദീസംരക്ഷണ ചട്ടപ്രകാരം മണൽ വിറ്റവകയിൽ കിട്ടുന്ന തുക ഉപയോഗിച്ച് രൂപീകരിച്ചിട്ടുള്ള റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് നദികളുടെ സംരക്ഷണത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) 21-3-2004 വരെ ഈ ഫണ്ടിൽ ലഭിച്ച തുക എത്ര; നദികളുടെ സംരക്ഷണത്തിനായി ചെലവഴിച്ച തുക എത്ര;

(സി) റിവർ മാനേജ്മെന്റ് ഫണ്ടിലെ തുക മറ്റേതെങ്കിലും ആവശ്യത്തിനായി ചെലവഴിക്കപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം ആവശ്യത്തിന്;

(ഡി) ഈ ഫണ്ടിൽ 21-3-2004-ൽ നീക്കിയിരിപ്പ് തുക എത്ര?

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി):

LIBRARY ARCHIVES Kerala Legislative Assembly